പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 50 　　　　25.04.2017 ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സിസ്റ്റം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | 2017- മാർച്ച് മാസത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്ന ദിവസങ്ങളിൽ സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സിസ്റ്റം ഉച്ചവരെ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂവെന്ന മാധ്യമവാർത്തകളും ജനങ്ങളുടെ പരാതികളും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) യും (ബി) യും | 2017- മാർച്ച് മാസാന്ത്യം ഇ-ഓഫീസ് സംവിധാനം 3.00 മണിയ്ക്കും 5 മണിയ്ക്കും ഇടയിൽ മന്ദഗതിയിലായത് വിവര സാങ്കേതിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. സെക്രട്ടറിയേറ്റ് വകുപ്പുകളുടെ പ്രവർത്തനത്തെ ഒരു പരിധി വരെ ഇതു ബാധിച്ചിരുന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ ഫയലുകളുടെ എണ്ണത്തിൽ വളരെയധികം വർദ്ധന ഉണ്ടായതും, കൂടുതൽ ഫയലുകൾ ഇ-ഓഫീസ് സോഫ്റ്റ് വെയറിൽ ഒരേ സമയം കൈകാര്യം ചെയ്യേണ്ടി വന്നതുമൂലവും, ഉച്ചക്ക് 3 മണിക്ക് ശേഷം പൊതുജനങ്ങളുടെ ഫയൽ സംബന്ധിച്ച അന്വേഷണങ്ങൾക്കായി ഇ-ഫയലിംഗ് സിസ്റ്റം കൂടുതലായി ഉപയോഗിച്ചതിന്റെ ഫലമായും സെർവറിനുണ്ടായ പ്രവർത്തി ഭാരം ഇ-ഓഫീസ് സംവിധാനത്തെ സാരമായി ബാധിച്ചു എന്നാണ് വകുപ്പിന്റെ പ്രാഥമിക നിഗമനം. എന്നാൽ ഏപ്രിൽ മാസത്തോടെ ഇ-ഓഫീസിന്റെ പ്രവർത്തനം സാധാരണ നിലയിലായിട്ടുണ്ട്. |
| (ബി) | ഈ സ്ഥിതിവിശേഷം മൂലം സർക്കാരിന് അനുഭവപ്പെട്ടിട്ടുള്ള പ്രയാസങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയത്തിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങളുടെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (സി) | ഇ-ഓഫീസ് സംവിധാനത്തിൽ നേരിട്ട പ്രയാസം സംബന്ധിച്ച് ആപ്ലിക്കേഷൻ ഡെവലപ്പറായ എൻ.ഐ.സി യുടെ ടീം, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന്റെ സാങ്കേതിക സഹായികൾ , കെൽട്രോൺ-ന്റെ നെറ്റ് വർക്ക് ടീം, SeMT എന്നിവർ പരിശോധന നടത്തുകയും ഒരു പരിധി വരെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്, സെക്രട്ടറിയേറ്റിലെ ഇ-ഓഫീസ് സംവിധാനം പ്രവർത്തിക്കുന്ന ഹാർഡ് വെയർ, നെറ്റ് വർക്ക്, സെർവറുകൾ എന്നിവയിൽ പ്രശ്നങ്ങളൊന്നും തന്നെ ഇല്ലെന്നും ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തന യോഗ്യമാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.സി യുടെ ഇ-ഓഫീസ് ആപ്ലിക്കേഷൻ / സെർവറിന്റെ ഭാഗത്ത് നേരിട്ട പ്രശ്നം സംബന്ധിച്ച് യഥാർത്ഥ വസ്തുത ഇ-ഓഫീസ് ആപ്ലിക്കേഷൻ നിയന്ത്രിക്കുന്ന എൻ.ഐ.സി വ്യക്തമാക്കിയിട്ടില്ല. |
| (ഡി) | ഭാവിയിൽ ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും | മേൽ പ്രശ്നം സംബന്ധിച്ച് വകുപ്പുതലത്തിലും സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും, ആപ്ലിക്കേഷൻ സൈഡിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുവാൻ എൻ.ഐ.സിയ്ക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ